**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5546** **15-03-2023 - ൽ മറുപടിയ്ക്ക്**

**ക്ഷീരമേഖല നേരിടുന്ന പ്രതിസന്ധി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ഡോ. മാത്യു കുഴൽനാടൻ,<br>ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ,<br>ശ്രീ. സണ്ണി ജോസഫ് ,<br>ശ്രീ. സജീവ് ജോസഫ് | | ശ്രീമതി ജെ ചിഞ്ചുറാണി<br>(മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് ക്ഷീരമേഖല നേരിടുന്ന പ്രതിസന്ധി പരിഹരിക്കാൻ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ; | (എ) | പശുവളർത്തൽ ലാഭകരമാക്കുന്നതിനും ക്ഷീര മേഖലയിലെ പ്രതിസന്ധികൾ പരിഹരിക്കുന്നതിനും ക്ഷീരവികസന വകുപ്പ് മുഖേന വിവിധ പദ്ധതികൾ നടപ്പിലാക്കി വരുന്നു<br><br>മിൽക്ക് ഷെഡ് ഡെവലപ്പ്മെന്റ് പദ്ധതിയിൽ സർക്കാർ സബ്സിഡിയോടെ ഉരുക്കളെ വാങ്ങി നൽകുന്നു. 2 പശു യൂണിറ്റ് 5പശു യൂണിറ്റ്, 10 പശു യൂണിറ്റ് എന്നിവയ്ക്കും, കിടാരി പാർക്ക്, ക്ഷീര ഗ്രാമം, എന്നീ പദ്ധതികൾക്കും ധനസഹായം നൽകി വരുന്നു. കൂടാതെ ഡയറി ഫാം സ്ഥാപിക്കുന്നതിനും, ഫാം യന്ത്രവത്ക്കരണ ത്തിനും ആധുനികവത്ക്കരണത്തിനുമായിട്ടുള്ള ഘടകങ്ങൾക്കുള്ള ധനസഹായവും നൽകുന്നുണ്ട്. ഇതിനു പുറമേ വാണിജ്യാടിസ്ഥാനത്തിൽ ഫാം നടത്തുന്നവർക്കും, കറവ യന്ത്രം വാങ്ങുന്നവർക്കും അർഹത മുൻഗണന മാനദണ്ഡങ്ങൾക്ക് വിധേയമായി ധനസഹായം നൽകി വരുന്നുണ്ട്. ഡയറി ഫാം ആരംഭിക്കുന്നതിനും ഫാം ആധുനികവത്ക്കരണം ഉറപ്പാക്കുന്നതിനുമായി ബാങ്ക് വായ്പ എടുക്കുന്ന കർഷകർക്ക് പലിശ ഇളവ് നൽകുന്ന പദ്ധതി വകുപ്പ് 2022-23 വർഷം മുതൽ നടപ്പിലാക്കുന്നുണ്ട്. ആദായകരമായ ക്ഷീരവൃത്തി ഉറപ്പാക്കുന്നതിനായി ധനസഹായത്തോട് കൂടി പച്ചപ്പുൽ, വൈക്കോൽ,സൈലേജ്, ടി എം ആർ എന്നിവ നൽകി വരുന്നുണ്ട്. സർക്കാർ ധനസഹായത്തോടെ തീറ്റപ്പുൽകൃഷി വ്യാപന പദ്ധതിയിലൂടെ തീറ്റപ്പുൽ വ്യാപനം, തരിശു ഭൂമിയിലെ തീറ്റപ്പുൽകൃഷി, യന്ത്രവൽ ക്കരണ പദ്ധതികൾ, മക്കച്ചോളം കൃഷി ചെയ്യുന്നതിനുള്ള പദ്ധതികൾ, ജലസേചന സൗകര്യത്തിനായുള്ള പദ്ധതികൾ |

എന്നിവ നടപ്പിലാക്കിവരുന്നു. വയനാട്, ഇടുക്കി ജില്ലയിലെ ക്ഷീരകർഷകർക്കായി പ്രത്യേക ക്ഷീരവികസന പാക്കേജും നടപ്പിലാക്കി വരുന്നുണ്ട്. കാലഘട്ടത്തിന് അനുസൃതമായ ക്ഷീരവൃത്തി നടപ്പിലാക്കുന്നതിന് കർഷകരെ സജ്ജമാക്കുവാൻ വകുപ്പിന്റെ ക്ഷീരപരിശീലന കേന്ദ്രങ്ങൾ നിർണ്ണായകമായ പങ്ക് വഹിച്ചുവരുന്നു.

മിൽമയുടെ മേഖലാ യൂണിയനുകൾ ക്ഷീര മേഖലയിലെ പ്രതിസന്ധികൾ പരിഹരിക്കുന്നതിന് വിവിധ പദ്ധതികൾ നടപ്പിലാക്കി വരുന്നു.

മലബാർ മേഖലാ യൂണിയൻ പാൽ വിൽപ്പന വിലയുടെ 83 ശതമാനം നേരിട്ടുള്ള സംഭരണ വിലയായും, കൂടാതെ അധിക പാൽ വിലയായും ക്ഷീരകർഷകർക്ക് നൽകി വരുന്നു. യൂണിയൻ വിൽപ്പന നടത്തുന്ന ഓരോ ലിറ്റർ പാലിൽ നിന്നും 31 പൈസ സർക്കാർ ക്ഷീരകർഷക പെൻഷൻ/ക്ഷേമ നിധിയിലേക്ക് നൽകി വരുന്നു. കിലോഗ്രാമിന് 2 രൂപ സബ്സിഡി നിരക്കിൽ പച്ചപ്പുല്ല്, പച്ച ചോളത്തണ്ട് എന്നിവ ആവശ്യമുള്ള കർഷകർക്ക് എത്തിച്ചു നൽകുന്നു. ചെലവ് കുറഞ്ഞ പാലുൽപാദനത്തിന് കറവമാടുകൾക്ക് പോഷക സമൃദ്ധമായ കാലിത്തീറ്റയും ബദൽ തീറ്റവസ്തുക്കളും ആവശ്യാനുസരണം മിതമായ വിലയ്ക്ക് വിപണിയിലെത്തിക്കുന്നു. സഹോദര സ്ഥാപനമായ മലബാർ റൂറൽ ഡെവലപ്പ്മെൻറ് ഫൗണ്ടേഷൻ വഴി വൈക്കോൽ ബൈലുകൾ കിലോഗ്രാമിന് 8.40 രൂപ മുതൽ 10.95 രൂപ വരെ നിരക്കിൽ വിപണിയിലെത്തിക്കുന്നു. അടിസ്ഥാന സൗകര്യ വികസനത്തിന് ക്ഷീരകർഷകർക്ക് പ്രതിവർഷം 25,000/- രൂപ വരെയും, ബയോഗ്യാസ് പ്ലാൻറ് നിർമാണത്തിന് 15,000/- രൂപ വരെയും, കാലിത്തൊഴുത്ത് നിർമാണത്തിന് 15,000/- രൂപ വരെയും, ഉള്ള ധന സഹായങ്ങൾ നൽകി വരുന്നു.

തിരുവനന്തപുരം മേഖലാ യൂണിയൻ കാലിത്തീറ്റ സബ്സിഡി, കിടാരി ദത്തെടുക്കൽ പദ്ധതി, കറവ പശുക്കളെ വാങ്ങുന്നതിനുള്ള സഞ്ചാലക നിധി, ഹാൻഡ് ഓപറേറ്റഡ് കറവ യന്ത്രത്തിനുള്ള സബ്സിഡി, കാലിത്തൊഴുത്ത് നവീകരണത്തിനുള്ള ധനസഹായം, കന്നുകാലി ഇൻഷ്വറൻസ് പ്രീമിയം സബ്സിഡി, വികേന്ദ്രീകൃത മൃഗ ചികിത്സ യൂണിറ്റുകൾ, കന്നുകാലികളെ അന്യ സംസ്ഥാനത്തു നിന്നും കൊണ്ട് വരുന്നതിന് കടത്തുകൂലി, മരണാനന്തര ധനസഹായം, ധനലഭ്യതയുടെ അടിസ്ഥാനത്തിൽ കർഷകർക്ക് സംഘങ്ങൾ മുഖേന നൽകുന്ന പ്രത്യേക

| | | | |
|---|---|---|---|
| | | | പാൽ വില വ്യത്യാസം, കർഷകർക്ക് കേന്ദ്ര - സംസ്ഥാന സർക്കാരുകൾ അനുവദിച്ച് നൽകുന്ന പദ്ധതി പ്രകാരമുള്ള ആനുകൂല്യങ്ങളും ധനസഹായങ്ങളും ലഭ്യമാക്കി വരുന്നു.<br><br>സംഘങ്ങളിലൂടെയുള്ള പാൽ വില വർദ്ധനവും, പാലുൽപ്പാദനത്തിൽ സ്വയം പര്യാപ്തത നേടുകയെന്ന ലക്ഷ്യത്തോടെ നടത്തിയ പ്രവർത്തനങ്ങളുടെയും ഫലമായി എറണാകുളം മേഖല യൂണിയൻറെ കീഴിലുള്ള സംഘങ്ങളിലൂടെയുള്ള പാൽ സംഭരണം യൂണിയന് ആവശ്യമുള്ളതിൻറെ 85 ശതമാനം ആയി ഉയർന്നിട്ടുണ്ട്.<br><br>പൊതുമേഖല സ്ഥാപനമായ കേരള ഫീഡ്സ് മുഖേന ന്യായമായ വിലയ്ക്ക് ഗുണമേന്മയുള്ള കാലിത്തീറ്റ ക്ഷീരകർഷകർക്ക് ലഭ്യമാക്കുന്നതിന്റെ ഭാഗമായി ചാക്കൊന്നിന് 250 രൂപ വർദ്ധിപ്പിക്കുന്നതിന് പകരം ചാക്കൊന്നിന് 150 രൂപ മാത്രമായി നിജപ്പെടുത്തുകയാണ് ഉണ്ടായത്.<br><br>2019 മുതൽ 2022 ഒക്ടോബർ മാസം വരെ കേരള ഫീഡ്സ് കാലിത്തീറ്റയുടെ വില വർദ്ധിപ്പിച്ചിട്ടില്ല. എന്നാൽ നിലവിൽ കാലിത്തീറ്റയുടെ വില വർദ്ധിപ്പിച്ചുവെങ്കിലും വിപണി വിലയേക്കാൾ ഇപ്പോഴും ഒരു കിലോയ്ക്ക് 70 പൈസ കുറവാണ് കേരള ഫീഡ്സ് കാലിത്തീറ്റയ്ക്കുള്ളത്. |
| (ബി) | ക്ഷീരമേഖല നേരിടുന്ന പ്രതിസന്ധിയ്ക്ക് പരിഹാരമായി വൈക്കോൽ സംഭരിച്ച് കർഷകർക്ക് വിതരണം ചെയ്യുന്നതിന് സർക്കാർ ഇടപെടൽ നടത്തിയിട്ടുണ്ടോ; വിശദമാക്കുമോ; | (ബി) | ക്ഷീരവികസന വകുപ്പ് വൈക്കോലും പച്ചപ്പുല്ലും, സബ്സിഡി നിരക്കിൽ നൽകി വരുന്നു. 2022-23 വർഷത്തിൽ 257 ലക്ഷം രൂപ ഇതിനായി വകയിരുത്തിയിട്ടുണ്ട്. ക്ഷീര സംഘങ്ങൾ മുഖേനയാണ് ടി സഹായ പദ്ധതി നടപ്പിലാക്കുന്നത്. ഒരു ക്ഷീരസംഘത്തിന് പരമാവധി ഒരു ലക്ഷം രൂപ വരെ സഹായം നൽകി വരുന്നു. പച്ചപ്പുല്ലിന് കിലോയ്ക്ക് 3 രൂപ നിരക്കിലും, വൈക്കോൽ TMR തുടങ്ങിയവയ്ക്ക് കിലോഗ്രാമിന് 4 രൂപ നിരക്കിലും ഒരു ഗുണഭോക്താവിന് പരമാവധി 7,000/- രൂപ വരെയാണ് ഈ പദ്ധതിയിലൂടെ ധനസഹായം നൽകുന്നത്.<br><br>മിൽമയുടെ മേഖലാ യൂണിയനുകൾ ഇ-ടെൻഡർ മുഖാന്തിരം അന്യ സംസ്ഥാനങ്ങളിൽ നിന്നും വൈക്കോൽ വാങ്ങി സബ്സിഡി നിരക്കിൽ കർഷകർക്ക് സംഘങ്ങൾ വഴി ലഭ്യമാക്കുന്നതിനുള്ള പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ട്. |

| | | | |
|---|---|---|---|
| | | | കിസാൻ റെയിൽ പദ്ധതി വഴി വിവിധ സംസ്ഥാനങ്ങളിൽ നിന്നും സൈലേജ്/വൈക്കോൽ കുറഞ്ഞ വിലയിൽ ലഭ്യമാക്കുവാൻ കേരള ഫീഡ്സ് നടപടികൾ സ്വീകരിച്ചു വരുന്നു. പാലിന്റെ ഉത്പാദനം വർദ്ധിപ്പിക്കുവാനും ക്ഷീരമേഖല നേരിടുന്ന പ്രതിസന്ധിക്ക് പരിഹാരമായി സൈലേജ്/ വൈക്കോൽ സംഭരിച്ച് കർഷകർക്ക് വിതരണം ചെയ്യുന്നതിനായി ആന്ധ്രപ്രദേശ്, കർണ്ണാടക, പഞ്ചാബ്, ഹരിയാന എന്നീ സംസ്ഥാനങ്ങളിൽ നിന്നും ഇറക്കുമതി ചെയ്യാൻ കേരള ഫീഡ്സ് പദ്ധതി ഇടുന്നു. |
| (സി) | സബ്സിഡി നിരക്കിൽ ക്ഷീരകർഷകർക്ക് വായ്പകൾ അനുവദിക്കാൻ പദ്ധതികൾ നിലവിലുണ്ടോ; വിശദമാക്കാമോ; | (സി) | സബ്സിഡി നിരക്കിൽ ക്ഷീരകർഷകർക്ക് വായ്പകൾ അനുവദിക്കാൻ പദ്ധതികൾ നിലവിൽ ഇല്ല. എന്നാൽ ഡയറി ഫാം ആരംഭിക്കുന്നതിനും ഫാം ആധുനികവത്ക്ക രണം ഉറപ്പാക്കുന്നതിനുമായി ബാങ്ക് വായ്പ എടുക്കുന്ന കർഷകർക്ക് പലിശ ഇളവ് നൽകുന്ന പദ്ധതി വകുപ്പ് 2022-23 വർഷം മുതൽ നടപ്പിലാക്കുന്നുണ്ട്.<br><br>മിൽമയുടെ തിരുവനന്തപുരം മേഖലാ യൂണിയനിൽ റിവോൾവിംഗ് ഫണ്ടിൽ നിന്ന് പശുക്കളെ വാങ്ങുന്നതിന് പലിശ സബ്സിഡി നൽകാറുണ്ട്. |
| (ഡി) | കാർഷിക വിളകൾക്ക് നൽകുന്ന പ്രോത്സാഹനം തീറ്റപ്പുൽകൃഷിയ്ക്ക് നൽകുന്നതിന് നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ? | (ഡി) | തീറ്റപ്പുൽ കൃഷിയുടെ നോഡൽ ഏജൻസി എന്ന നിലക്ക് ക്ഷീരവികസനവകുപ്പിലൂടെ തീറ്റപ്പുൽ കൃഷി പ്രോത്സാഹനത്തിനായി വിവിധ പദ്ധതികൾ നടപ്പിലാക്കി വരുന്നു. പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തി തീറ്റപ്പുൽകൃഷി നടപ്പാക്കുന്നതിന് ധനസഹാ യം, ചോളംകൃഷിയ്ക്ക് ധനസഹായം, വൃക്ഷവിളകൾ വിതരണം ചെയ്യുന്നതിനുള്ള ധനസഹായം, തീറ്റപ്പുൽകൃഷി യന്ത്രവൽക്കരണത്തിനുള്ള ധനസഹായം, തീറ്റപ്പുൽ കൃഷിയ്ക്ക് ജലസേചനസൗകര്യം ഏർപ്പെടുത്തൽ, ഹൈഡ്രോപോണിക് ഫോഡർ ഉത്പാദനത്തിന് ആവശ്യമായ ആധുനിക സൗകര്യങ്ങൾ കർഷകർക്ക് ലഭ്യമാക്കുക, വലിയതുറയിൽ സ്റ്റേറ്റ് ഫോഡർ ഫാമിന്റെയും പരിശീലനകേന്ദ്രത്തിന്റെയും അടിസ്ഥാനസൗകര്യ വികസനം, ഗ്രൂപ്പുകൾക്ക് (സംഘം/എസ്.എച്ച്.ജി/മറ്റ് രജിസ്റ്റേർഡ് ഗ്രൂപ്പുകൾ) യൂണിറ്റുകൾ മുഖേനയുള്ള തീറ്റപ്പുൽക്കൃഷിയും വിപണനവും, ക്ഷീരസഹകരണസംഘങ്ങളുമായി ബന്ധപ്പെട്ട് ക്ഷീരോല്പാദകരുടെ കൂട്ടായ്മയായ വിവിധ ഗ്രൂപ്പുകൾ രൂപീകരിച്ച് പൊതു-സ്വകാര്യ-വ്യക്തിഗത മേഖലയിലുള്ള തരിശു ഭൂമികളിലും, ഉപയോഗശൂന്യമായ സ്ഥലങ്ങളിലും, വാണിജ്യാടിസ്ഥാനത്തിൽ തീറ്റപ്പുൽ കൃഷി |

| | | | |
|---|---|---|---|
| | | | വ്യാപകമാക്കുന്നതിനുള്ള പദ്ധതി എന്നിവ നടപ്പിലാക്കി വരുന്നു. 760 ലക്ഷം രൂപയാണ് ഈ തീറ്റപ്പുൽ കൃഷി വികസന പദ്ധതികൾക്കായി 2022-23 വർഷം അനുവദിച്ചിരിക്കുന്നത്. |

സെക്ഷൻ ഓഫീസർ